91

# റോമൻ കുരിശിൽ ആറു മണിക്കൂർ

**വായനാ ഭാഗം #40**

VII. യേശുവിന്റെ ശുശ്രൂഷയുടെ അവസാനയാഴ്ച്ച (തുടർച്ച).

H. വെള്ളി*: യേശുവിന്റെ മരണദിവസം (തുടർച്ച).

9. യേശുവിന്റെ മരണം: ക്രൂശിൽ തറെക്കൽ (തുടർച്ച).

c. ക്രൂശിലെ ആദ്യ മൂന്നു മണിക്കൂർ (അവസാനിപ്പിച്ചു) (മത്താ. 27:35, 36, 39–44; മർക്കൊ. 15:24, 29–32; ലൂക്കൊ. 23:34–37, 39–43; യോഹ. 19:23–27).

d. ക്രൂശിലെ അവസാന മൂന്നു മണിക്കൂർ (മത്താ. 27:45–56; മർക്കൊ. 15:33–41; ലൂക്കൊ. 23:44–49; യോഹ. 19:28–30).

**മുഖവുര**

യേശുവിന്റെ മരണത്തെ കേന്ദ്രീകരിച്ചുകൊണ്ടു രണ്ടു-ഭാഗങ്ങളായി തയ്യാറാക്കിയ പാഠത്തിന്റെ രണ്ടാം ഭാഗമാണിത്. ക്രിസ്തുവിന്റെ ശാരീരിക കഷ്ടത കൂടുതൽ മനസിലാക്കുവാൻ ക്രൂശിക്കലിനെ കുറിച്ചുള്ള ചില ചിന്തകൾ സഹായിക്കും.

"പുരാതനകാലത്ത് നടന്നിരുന്നതിൽ വെച്ച് ഏറ്റവും ക്രൂരവും, ദണ്ഡിപ്പിക്കുന്നതും, തരംതാഴ്ത്തുന്നതും ഏറ്റവും ഭയാനകവുമായ മരണശിക്ഷയായിരുന്നു ക്രൂശിൽ തറെക്കൽ" എന്ന് ജോൺ ഫ്രാങ്ക്ലിൻ കാർട്ടർ വിവരിക്കയുണ്ടായി.[1] പാർസികളും, മിസ്രയിമ്യരും, ബാബേൽക്കാരും, ഫൊയ്നിക്യരും മറ്റു പലരും നൂറ്റാണ്ടുകളായി ക്രൂശീകരിക്കൽ നടത്തിവന്നിട്ടുണ്ട്. എങ്ങനെയായാലും, റോമാക്കാർ "വധശിക്ഷ മന്ദമായി പരമാവധി വേദന സഹിക്കേണ്ട ദണ്ഡനം നല്കുന്നതിനാണ് ഈ നടപടി സ്വീകരിച്ചിരുന്നത്."[2]

കുറ്റവാളിയെ ഈ വിധത്തിൽ ദണ്ഡിപ്പിക്കുമ്പോൾ/വധശിക്ഷ നടത്തുമ്പോൾ, "പ്രാധാന്യം" എന്തെന്നാൽ കുറ്റവാളിയെ ക്രൂശിൽ ആണിയടിക്കുമ്പോൾ പ്രധാനപ്പെട്ട അവയവങ്ങളെ ഒന്നും അത് ബാധിക്കുകയില്ല എന്നതാണ്. മരണം സംഭവിക്കുന്നത് മന്ദഗതിയിലായിരിക്കും. കുറ്റവാളി അങ്ങനെ മൂന്നോ നാലോ ദിവസം ജീവിച്ചേക്കാം. മരിച്ചുകൊണ്ടിരുന്ന മനുഷ്യന്റെ മുറിവുകളെ പ്രാണികളും പക്ഷികളും ആക്രമിച്ചേക്കാം. ആ സമയമത്രയും കുറ്റവാളി വേദനകൊണ്ട് പുളയും, പൊള്ളുന്ന പനിയുണ്ടാകും, ദാഹിച്ച് തൊണ്ട വരളും - അവസാനം, മരണം ഒരു ആശ്വാസം പോലെ കടന്നുവരും.

അമേരിക്കൻ *മെഡിക്കൽ അസോസിയേഷന്റെ ഒരു ലേഖനം* അനുസരിച്ച്,[3] "[ക്രൂശീകരിക്കൽ] മരണത്തിന്റെ കാരണങ്ങൾ അസംഖ്യമായിരിക്കും." ആദ്യം തന്നെ, "എത്രത്തോളം ജീവിച്ചിരിക്കുമെന്നത് ..., ചാട്ടവാറടിയുടെ കാഠിന്യം ... അനുസരിച്ചിരിക്കും." പിന്നെ, ക്രൂശിൽ തറെക്കുന്നതു തന്നെ ആണി അടിക്കുമ്പോൾ ഞരമ്പുകൾക്ക് ക്ഷതം ഏല്ക്കും, അത് "രണ്ടു കൈകളിലും അതിയായ വേദന ഉളവാക്കും." നേരെ സ്ഥിരമായി ഉറപ്പിച്ചിട്ടുള്ള

തൂണിൽ കാലുകൾ കൂട്ടി ആണി അടിക്കുമ്പോഴും അതേ വേദന അനുഭവപ്പെടും. മന്ദഗതിയിലാണെങ്കിലും, നിരന്തരമായി, രക്തം പ്രവഹിച്ചുകൊണ്ടിരിക്കും, ഇവയെല്ലാം ക്രൂശിലേറ്റുന്ന ആളെ ബലഹീനമാക്കുന്നതിനു വേണ്ടിയാണ്.

എങ്ങനെയായാലും, ''ക്രൂശിക്കൽകൊണ്ടുണ്ടാകുന്ന മുഖ്യമായ പ്രശ്നം ... ശ്വാസംമുട്ടൽ അനുഭവിച്ച് [ക്ഷീണിപ്പിക്കുക] എന്നതാണ്, പ്രത്യേകിച്ച് തളർച്ച."[4] വേറൊരു വാക്കിൽ പറഞ്ഞാൽ, കുറ്റവാളിക്ക് ശ്വാസം വിടാൻ പോലും ബുദ്ധിമുട്ടുണ്ടാകും. "തോളിൽ പിടിച്ച് കാൽമുട്ടുകൾ വളച്ച് പാദങ്ങളിൽ[5] [ആണി അടിച്ച്] ശരീരം മുകളിലേക്ക് ഉയർത്തുമ്പോൾ മതിയായ ബാഷ്പീകരണം വേണം." ഇത് മാംസപേശികൾ വലിഞ്ഞുമുറുകുന്ന കഠിനമായ വേദനയുണ്ടാക്കും. "തൽഫലമായി, ഓരോ ശ്വാസോഛ്വാസവും വേദനയും തളർച്ചയും [അധികമാക്കും]" കുറ്റവാളി അങ്ങനെ "ക്രമേണ ശ്വാസം മുട്ടൽകൊണ്ട് " - വായു ലഭിക്കാതെ മരിക്കുന്നു.

യേശു റോമൻ കുരിശിൽ ആറുമണിക്കൂർ ആയിരുന്നപ്പോൾ അവൻ അനുഭവിച്ചിരുന്ന വേദന മനസിൽ സൂക്ഷിക്കുക. കൂടാതെ, സംസാരിക്കുന്നതു ബാഷ്പീകരണം നടത്തുമെന്നിരിക്കെ, സംസാരിക്കുന്നതിന് അവൻ എത്ര വിഷമിച്ചുകാണും എന്ന് ഓർക്കുക.

## ആദ്യമൂന്നു മണിക്കൂറുകൾ
### (മത്താ. 27:35, 36, 39-44; മർക്കൊ. 15:24, 29-32; ലൂക്കൊ. 23:34-37, 39-43; യോഹ. 19:23-27)

ക്രൂശിലെ ക്രിസ്തുവിന്റെ ആറുമണിക്കൂർ രണ്ട് മൂന്ന്-നാല് ഭാഗങ്ങളായി തിരിക്കാം:മൂന്നു മണിക്കൂർ പ്രകാശവും (മർക്കൊസ് 15:25, 33) മൂന്നു മണിക്കൂർ ഇരുട്ടും (മർക്കൊസ് 15:33).[6] ആദ്യ ഭാഗം രാവിലെ 9.00 മണി മുതൽ ഉച്ച വരെ ആയിരുന്നു.

### പടയാളികൾ ചീട്ടിട്ടു

യേശുവിനെ ക്രൂശിൽ ആണിയടിച്ചതോടുകൂടിയാണ് നമ്മുടെ കഴിഞ്ഞ പാഠം അവസാനിപ്പിച്ചത്. ശിക്ഷ നടത്തുവാൻ നാല് പടയാളികളെയാണ് ചുമതലപ്പെടുത്തിയത് (യോഹന്നാൻ 19:23). കുറ്റവാളികളിൽനിന്ന് ഉരിഞ്ഞ വസ്ത്രം പടയാളികൾക്ക് കൊടുത്തിരുന്നു. പടയാളികൾ യേശുവിന്റെ മേലങ്കി നാലിൽ കൂടുതലോ-അല്ലെങ്കിൽ-കുറവോ ആയി തുല്യ ഭാഗങ്ങളായി പകുത്തെടുത്തു (യോഹന്നാൻ 19:23). അവന്റെ മേലങ്കിയിൽ, അവന്റെ വസ്ത്രവും, തലപ്പാവും, തോൽവാറും,[7] ചെരിപ്പും ഉൾപ്പെടുന്നു.

എങ്ങനെയായാലും, ആ വസ്ത്രം എന്തു ചെയ്യണമെന്നറിയാതെ അവർ പ്രതിസന്ധിയിലായി, അവന്റെ "ടൂണിക് " (യോഹന്നാൻ 19:23). കെജെവിയിൽ "കോട്ട് " എന്നാണ്, എൻഐവിയിൽ "ഉൾവസ്ത്രം" എന്നാണ്. ഉപയോഗിച്ച ഗ്രീക്ക് വാക്കിന്റെ അർത്ഥം "ത്വക്കിനോട് ചേർന്ന് ധരിക്കുന്ന വസ്ത്രം" എന്നാണ്. പടയാളികൾ വസ്ത്രം കണ്ട് അമ്പരന്നു കാരണം "അത് തുന്നലില്ലാതെ ഒറ്റത്തുണിയായി നെയ്തതായിരുന്നു" (യോഹന്നാൻ 19:23). അത്തരം വസ്ത്രം രണ്ടോ മൂന്നോ തുണികൾ കൊണ്ടാണ് സാധാരണ നെയ്യുന്നത്. "ഒറ്റത്തുണിയായി" നെയ്യുമ്പോൾ, അതിന് വിലയേറും.[8] അതു നാലായി കീറിയാൽ അത് വിലയില്ലാതാകും.

റോമാക്കാർ പറഞ്ഞു, “ഇതു കീറരുത്, ആർക്കു വരുമെന്ന് ചീട്ടിടുക” (യോഹന്നാൻ 19:24; മത്തായി 27:35; മർക്കൊസ് 15:24; ലൂക്കൊസ് 23:34). അവർ ആ അങ്കി എടുത്ത് ചീട്ടിട്ടപ്പോൾ അറിയാതെ മശിഹയെ കുറിച്ചുള്ള ഒരു പ്രവചനം നിറവേറ്റുകയായിരുന്നു: “എന്റെ വസ്ത്രം അവർ പകുത്തെടുത്തു, എന്റെ അങ്കിക്കായി അവർ ചീട്ടിട്ടു'' (യോഹന്നാൻ 19:24; സങ്കീർത്തനങ്ങൾ 22:18 നോക്കുക).

അവന്റെ വസ്ത്രം പകുത്തെടുത്തശേഷം, പടയാളികൾ അവനെ ശ്രദ്ധിച്ചുകൊണ്ടിരുന്നു (മത്തായി 27:36). അവർക്ക് യേശുവിനെ “കാക്കുന്ന” ഉത്തരവാദിത്വവുമുണ്ടായിരുന്നു (മത്തായി 27:54) – അവനെ സംരക്ഷിക്കുന്നതിനായിരുന്നില്ല, പിന്നെയോ, അവന്റെ സ്നേഹിതന്മാർ യേശു മരിക്കുന്നതിനു മുൻപ് ക്രൂശിൽനിന്ന് കൊണ്ടുപോകാതിരിക്കേണ്ടതിനായിരുന്നു.[9] സാധാരണ ക്രൂശിലെ മരണം നീണ്ടുപാകുന്നതുകൊണ്ട് അവർ അധികസമയം കാക്കണമെന്ന് വിചാരിച്ചിരിക്കാം.

**പുരുഷാരം പരിഹസിച്ചു**

ചിലർക്ക് കഷ്ടതയിൽ പരിഹസിക്കുവാനുള്ള പ്രവണതയുണ്ടായിരിക്കും. പുരുഷാരം, നോക്കിക്കൊണ്ട് നിന്നിരുന്നു” (ലൂക്കൊസ് 23:35). ആകാംഷയോടെ കടന്നുപോകുന്ന ആളുകളും ഉണ്ടായിരുന്നു, ഒരുപക്ഷെ ആ ദിവസത്തെ പെരുന്നാൾ ആഘോഷിക്കുവാൻ പോയ തീർത്ഥാടകരായിരുന്നേക്കാം. “കടന്നുപോകുന്നവർ തല കുലുക്കിക്കൊണ്ട്,[10] ‘ഹാ, ഹാ! മന്ദിരം പൊളിച്ച് മൂന്നു നാളുകൊണ്ട്[11] പണിയുന്നവനേ, നിന്നെത്തന്നെ രക്ഷിച്ച് ക്രൂശിൽനിന്ന് ഇറങ്ങിവാ എന്നു പറഞ്ഞു അവനെ ദുഷിച്ചു’” (മർക്കൊസ് 15:29, 30). “നീ ദൈവപുത്രനെങ്കിൽ, ക്രൂശിൽനിന്ന് ഇറങ്ങി വാ” എന്ന് അവർ യേശുവിനെ വെല്ലുവിളിച്ചു (മത്തായി 27:40).[12]

യെഹൂദപ്രമാണിമാരായിരുന്നേക്കാം ഒരുപക്ഷെ പരിഹാസത്തെ നയിച്ചത്. ആ ആളുകളെല്ലാം ആഘോഷിക്കുകയായിരുന്നു; അവർ വിജയകരമായി അവരുടെ ശത്രുവിനെ നീക്കം ചയ്തു എന്നാണ് വിചാരിച്ചത്. “പ്രമാണിമാർ” – “മഹാപുരോഹിതന്മാരും ശാസ്ത്രിമാരും” (മർക്കൊസ് 15:31) – അവനെ നിന്ദിച്ചു:

> ഇവൻ മറ്റുള്ളവരെ രക്ഷിച്ചുവല്ലോ, ദൈവം തിരഞ്ഞെടുത്ത ക്രിസ്തു എങ്കിൽ തന്നെത്താൻ രക്ഷിക്കട്ടെ (ലൂക്കൊസ് 23:35).

> അവൻ ദൈവത്തിൽ ആശ്രയിക്കുന്നു, അവന്ന് ഇവനിൽ പ്രസാദമുണ്ടെങ്കിൽ ഇപ്പോൾ വിടുവിക്കട്ടെ. “ഞാൻ ദൈവപുത്രൻ” എന്ന് അവൻ പറഞ്ഞുവല്ലൊ (മത്തായി 27:43).

യേശുവിന്റെ തലമേൽ എഴുതിയ മേലെഴുത്തു നോക്കിയും അവർ പരിഹസിച്ചു, “അവൻ യിസ്രായേലിന്റെ രാജാവാകുന്നു എങ്കിൽ; ഇപ്പോൾ ക്രൂശിൽനിന്ന് ഇറങ്ങി വരട്ടെ, എന്നാൽ ഞങ്ങൾ അവനിൽ വിശ്വസിക്കും” (മത്തായി 27:42).[13] അവർ വിജയിച്ചമട്ടിൽ പ്രഖ്യാപിച്ചു, “അവന് തന്നെത്താൻ രക്ഷിപ്പാൻ കഴിയുന്നില്ല” (മർക്കൊസ് 15:31; മത്തായി 27:42). ഒരു വ്യാഖ്യാതാവ് ഈ നിരീക്ഷണം നടത്തി: “തിരുവെഴുത്തിൽ വെച്ച് ഏറ്റവും ഉയർന്ന

ഒരു സത്യം ആ അദ്ധ്യക്ഷന്മാർ അറിയാതെ നടത്തി."[14] അവർ "സ്വപ്നം കണ്ടതിൽ വെച്ച് ആഴമേറിയ സത്യം അവർ പറഞ്ഞു: അത് അവൻ മറ്റുള്ളവരെ രക്ഷിക്കുമ്പോൾ അവന് തന്നെത്തന്നെ എങ്ങനെ രക്ഷിക്കുവാൻ കഴിയും?"[15]

ആ പരിഹാസത്തെ പടയാളികൾ സ്വാഗതം ചെയ്തു. "പടയാളികളും അവനെ പരിഹസിച്ചു, അടുത്തുവന്ന് അവന്ന് പുളിച്ച വീഞ്ഞ് കാണിച്ചു, നീ യെഹൂദന്മാരുടെ രാജാവ് എങ്കിൽ നിന്നെത്തന്നെ രക്ഷിക്ക എന്നു പറഞ്ഞു" (ലൂക്കൊസ് 23:36, 37). യേശുവിനോടുകൂടെ കഷ്ടതയിലായ വരും - രണ്ട് കള്ളന്മാർ - അവരോട് ചേർന്നു. ഒരു നിയമമെന്ന നിലയിൽ, ക്രൂശിൽ തറെക്കപ്പെട്ടവർക്ക് പുരുഷാരത്തിൽനിന്ന് പരിഹാസം ഉണ്ടാകും. പക്ഷെ ഇവിടെ നടുവിലെ ക്രൂശിങ്കലാണ് എല്ലാ പരിഹാസവും. രണ്ടു കള്ള ന്മാരെ ക്രൂശിൽ തറെച്ചതിലുള്ള ദേഷ്യവും നിരാശയും അവർ പ്രകടമാക്കി (മത്തായി 27:44; മർക്കൊസ് 15:32).

## കർത്താവ് പ്രാർത്ഥിച്ചു

ശത്രു പ്രവാഹത്തോട് യേശു എങ്ങനെയാണ് പ്രതികരിച്ചത്? അവൻ തന്നെ പീഡിപ്പിച്ചവരെ നശിപ്പക്കുവാൻ തന്റെ ലെഗ്യോൻ കണക്കിനുള്ള ദൂതന്മാരെ (മത്തായി 26:53) വിളിച്ചോ? ഇല്ല. അവൻ പ്രാർത്ഥിച്ചു! ഉപദ്രവി ക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കുവാനാണ് അവൻ തന്റെ ശിഷ്യന്മാരെ പഠി പ്പിച്ചത് (മത്തായി 5:44). അവൻ പ്രാർത്ഥിച്ചപ്പോൾ താൻ പഠിപ്പിച്ചത് പരിശീ ലിക്കുകയായിരുന്നു, "പിതാവേ, ഇവർ ചെയ്യുന്നത് എന്ത് എന്നറിയായ്ക യാൽ, അവരോട് ക്ഷമിക്കേണമേ" (ലൂക്കൊസ് 23:34).[16]

## ഒരു കള്ളൻ അപേക്ഷിച്ചു

ആദ്യത്തെ മൂന്നു മണിക്കൂറിൽ ഒരു പ്രകാശകിരണം നീണ്ടു:താൻ കണ്ട തിൽനിന്ന് ഒരു കള്ളന് മാറ്റമുണ്ടായി. ആരംഭത്തിൽ രണ്ടു കള്ളന്മാരും കർത്താവിനെ നിന്ദിച്ചതായി നാം കണ്ടു (മത്തായി 27:44; മർക്കൊസ് 15:32); ക്രിസ്തുവിന്റെ മാന്യതയും അവന്റെ മഹനീയ മനോഭാവവും കണ്ട്, എങ്ങ നെയായാലും, അവന്റെ മനസിന് മാറ്റമുണ്ടായി.[17] ക്രൂശിക്കപ്പെട്ടവർ മരിക്കു ന്നതു ഒരുപക്ഷെ അവൻ കണ്ടിരിക്കാം, അവർ ചുറ്റും നിൽക്കുന്നവരെ ശപിക്കും, അല്ലാതെ ഉപദ്രവിക്കുന്നവർക്ക് വേണ്ടി ആരും പ്രാർത്ഥിക്കുക യില്ല. ഒരു കള്ളൻ കർത്താവിനെ തുടർന്നും നിന്ദിച്ചു പറഞ്ഞു, "നീ ക്രിസ്തു അല്ലയോ? നിന്നെത്തന്നെയും ഞങ്ങളെയും രക്ഷിക്ക" (ലൂക്കൊസ് 23:39). മറ്റെ കള്ളൻ യേശുവിനെ പ്രതിരോധിച്ചു പറഞ്ഞു: "അവനെ ശാസിച്ചു, സമശിക്ഷാവിധിയിൽ ആയിട്ടും നീ ദൈവത്തെ ഭയപ്പെടുന്നില്ലയോ? നാമോ ന്യായമായിട്ട് ശിക്ഷ അനുഭവിക്കുന്നു, നാം പ്രവർത്തിച്ചതിന്ന് യോഗ്യമായ തല്ലോ കിട്ടുന്നത്. ഇവനോ അരുതാത്തതു ഒന്നും ചെയ്തിട്ടില്ല" (ലൂക്കൊസ് 23:40, 41).

അവൻ കർത്താവിനു നേരെ തല ചരിച്ച്കൊണ്ട് പറഞ്ഞു, "യേശുവേ, നീ രാജത്വം പ്രാപിച്ച് വരുമ്പോൾ എന്നെ ഓർത്തുകൊള്ളേണമേ!" (ലൂക്കൊസ് 23:42). അവൻ എങ്ങനെ ക്രിസ്തുവിന്റെ രാജ്യത്തെ കുറിച്ച് അറിഞ്ഞു? ക്രിസ്തു തന്റെ രാജ്യത്തെ കുറിച്ച് പഠിപ്പിച്ചത് അവൻ കേട്ടി രുന്നോ? യേശുവിന്റെ അപ്പോഴത്തെ പെരുമാറ്റവും, അവന്റെ മേലെഴുത്തും

കണ്ട് അവൻ യെഹൂദന്മാരുടെ രാജാവാണ് (ഏറെ നാളായി കാത്തിരുന്ന–മശിഹ) എന്നും - അവന് ബോധ്യമായോ? നമ്മോട് പറയുന്നില്ല. ക്രിസ്തുവിന്റെ രാജ്യത്തെ കുറിച്ചുള്ള അവന്റെ അറിവ് പരിമിതമായിരിക്കണം. അവൻ ക്രൂശിൽ മരിക്കയാണെങ്കിലും - തന്റെ രാജ്യം അവൻ സ്ഥാപിക്കുമെന്ന് ആ കള്ളൻ വിശ്വസിച്ചിരുന്നു! ആ സമയത്ത് ആ കള്ളൻ മരിക്കുവാനിരുന്നെങ്കിലും അപ്പോൾ അവന് കർത്താവിന്റെ മറ്റു ശിഷ്യന്മാരേക്കാൾ വിശ്വാസം ഉണ്ടായിരുന്നു.[18]

യേശു ''തന്റെ പേരിനോടും ദൗത്യത്തോടും അവസാനത്തോളം ആത്മാർത്ഥത പുലർത്തി''[19] അവൻ മാനസാന്തരപ്പെട്ട കള്ളനോട്, "ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്ന് ഞാൻ സത്യമായി നിന്നോട് പറയുന്നു എന്നു പറഞ്ഞു" (ലൂക്കൊസ് 23:43). ഈ സന്ദർഭത്തിൽ "പറുദീസ" എന്നു പറയുന്നത് മരിച്ച നീതിമാൻമാർ ന്യായവിധിക്കായി കാത്തിരിക്കുന്ന പാതാള ലോകമാണ്.[20] പശ്ചാത്തപിച്ച കള്ളന് - ക്രൂശിൽനിന്നല്ല, അവന്റെ പാപത്തിൽനിന്നുള്ള രക്ഷയാണ് നല്കിയത്. അവൻ അവന് സ്വാതന്ത്ര്യം നല്കി - ഈ ജീവിതത്തിൽനിന്നല്ല, മറിച്ച് അടുത്തതിൽ.[21]

### സ്നേഹിതന്മാർ കരഞ്ഞു

ക്രൂശിനടുത്തു നിന്ന ചിലർ വെറുപ്പു നിറഞ്ഞവരായിരുന്നില്ല, പിന്നെയോ ദുഃഖം നിറഞ്ഞവരായിരുന്നു. ക്രൂശിനടുത്തു നിന്നവരിൽ ഒരാൾ യേശുവിന്റെ അമ്മയായിരുന്നു (യോഹന്നാൻ 19:25). ഒരു നിമിഷത്തേക്ക് തന്റെ മകൻ മരിച്ചുകൊണ്ടിരിക്കുന്നത് കണ്ണുനീരിൽകൂടെ നോക്കിക്കൊണ്ടിരിക്കുന്ന മറിയയുടെ സ്ഥാനത്തു നിങ്ങളെ ഒന്നു സങ്കല്പിക്കുക. ശിമെയോൻ അവളോട് മുന്നറിയിച്ചിരുന്നു, "നിന്റെ സ്വന്ത പ്രാണനിൽകൂടെയും ഒരു വാൾ കടക്കും" (ലൂക്കൊസ് 2:35); ഇപ്പോൾ ആ ബ്ലെയിഡ് അവളുടെ ഉള്ളിൽ കടന്ന് തിരിയുകയാണ്.

മറിയയോടുകൂടെ മറ്റു സ്ത്രീകളും ഉണ്ടായിരുന്നു.യോഹന്നാൻ അവരെ തിരിച്ചറിഞ്ഞത്, "അവന്റെ അമ്മയും അമ്മയുടെ സഹോദരിയും, ക്ലെയോപ്പാവിന്റെ ഭാര്യ മറിയയും, മഗ്ദലക്കാരത്തി മറിയയും ആയിട്ടായിരുന്നു" (യോഹന്നാൻ 19:25). ക്രൂശിനടുത്ത് നിന്നിരുന്ന സ്ത്രീകളുടെ ലിസ്റ്റ് യോഹന്നാൻ പറയുന്നതിനെ മത്തായിയുടേയും മർക്കൊസിന്റേയും ലിസ്റ്റുമായി താരതമ്മ്യം ചെയ്താൽ (മത്തായി 27:56; മർക്കൊസ് 15:40), മറിയയുടെ (യേശുവിന്റെ അമ്മ) സഹോദരി എന്നു പറഞ്ഞിരിക്കുന്നത് ശലോമി ആയിരുന്നു എന്നു കാണാം - അവൾ യാക്കൊബിന്റേയും യോഹന്നാന്റേയും അമ്മയും, സെബദിയുടെ ഭാര്യയും ആയിരുന്നു.[22] മുൻപുണ്ടായ ഒരു സംഭവത്തിൽ നാം ശലോമിയെ കുറിച്ച് വായിക്കുന്നുണ്ട് (മത്തായി 20:20, 21).

യോഹന്നാന്റെ ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന "ക്ലെയോപ്പാവിന്റെ ഭാര്യയാണ്, മത്തായിയുടേയും മർക്കൊസിന്റേയും ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന യാക്കൊബിന്റെ [ചെറിയ] യും യോസേഫിന്റെയും [യോസെ] അമ്മ". മൂന്നു ലിസ്റ്റിലും മഗ്ദലക്കാരത്തി മറിയയുണ്ട്. നമ്മുടെ പഠനത്തിൽ മുൻപ് നാം അവളെ കാണുകയുണ്ടായി (ലൂക്കൊസ് 8:2, 3). സംഭവം പുരോഗമിക്കുമ്പോൾ, നാം അവളെ വീണ്ടും കാണും.

യേശുവിന് "പരിചയമുണ്ടായിരുന്ന" മറ്റു ചിലരും ക്രൂശിനരികിലുണ്ടായിരുന്നു (ലൂക്കൊസ് 23:49; മർക്കൊസ് 15:41 നോക്കുക). ഒരുപക്ഷെ എല്ലാ

അപ്പൊസ്തലന്മാരും അല്ലെങ്കിൽ കുറെപേരെങ്കിലും ദൂരെ മാറിനിന്ന് രംഗം വീക്ഷിച്ചിരിക്കാം. ചുരുങ്ങിയത് യോഹന്നാനെങ്കിലും (യോഹന്നാൻ 19:26[23]).

### യേശു നല്കി

യേശുവിന് പറഞ്ഞറിയിക്കുവാൻ പ്രയാസമായ വേദന അനുഭവപ്പെട്ടിരുന്നെങ്കിലും, തന്റെ അമ്മയുടെ ക്ഷേമത്തെ കുറിച്ച് അവൻ കരുതലുള്ളവനായിരുന്നു.[24] അവളുടെ നിരാശ കണ്ട് അവന്റെ ഹൃയത്തിൽ ദുഃഖം നിറഞ്ഞു കാണും. യോഹന്നാൻ "അടുത്ത് നില്ക്കുന്നതു കണ്ട്, അവൻ തന്റെ അമ്മയോടു പറഞ്ഞു, 'സ്ത്രീയേ,[25] ഇതാ നിന്റെ മകൻ!' പിന്നെ അവൻ ശിഷ്യനോട് പറഞ്ഞു, 'ഇതാ, നിന്റെ അമ്മ!''' (യോഹന്നാൻ 19:26, 27). ഈ വിധത്തിൽ യേശു തന്റെ അമ്മക്ക് കരുതൽ നല്കി.[26]

"ആ നാഴിക മുതൽ ആ ശിഷ്യൻ യോഹന്നാൻ അവളെ തന്റെ വീട്ടിൽ കൈക്കൊണ്ടു" (യോഹന്നാൻ 19:27). ഒരുപക്ഷെ, മനസലിവു നിമിത്തം, ഉടനെ[27] അവളെ ഗൊൽഗോഥയിൽനിന്ന്, പെരുന്നാളിൽ തന്റെ കുടുംബം എവിടെയാണോ അവിടേക്ക് കൊണ്ടുപോയിരിക്കാം. അവൻ അങ്ങനെ ചെയ്തതുകൊണ്ട്, ക്രമവിരുദ്ധമായ ജനക്കൂട്ടത്താൽ തന്റെ മകൻ അനുഭവിച്ചുകൊണ്ടിരുന്ന ആ കഷ്ടത തുടർന്ന് കാണേണ്ടി വന്നില്ലായിരിക്കാം.

## അവസാന മൂന്നു മണിക്കൂർ
## (മത്താ. 27:45-56; മർക്കൊ. 15:33-41; ലൂക്കൊ. 23:44-49; യോഹ. 19:28-30)

### മർമ്മം

"ഏകദേശം ആറാം മണി നേരം ആയപ്പോൾ" (ലൂക്കൊസ് 23:44) - അതായത്, ഏതാണ്ട് ഉച്ചയായപ്പോൾ, സൂര്യൻ ഉച്ചസ്ഥാനത്തെത്തി. "സൂര്യൻ ഇരുണ്ടുപോയിട്ട് ... ദേശത്ത് ഒക്കെയും അന്ധകാരമുണ്ടായി" (ലൂക്കൊസ് 23:44, 45). അന്ധകാരം പെട്ടെന്ന് ഉണ്ടായതാണോ? ഇരുട്ട് യെഹൂദ്യയിൽ മാത്രമായിരുന്നോ, അതോ പാലസ്തീനിലൊക്കെ ആയിരുന്നോ, അതോ ചുറ്റുമുള്ള മറ്റു സ്ഥലങ്ങളിലേക്കും വ്യാപിച്ചിരുന്നോ എന്ന് നമുക്ക് അറിയില്ല. "ദേശത്ത് ഒക്കെയും" എന്നത് ഇവയിൽ ഏതെങ്കിലും ഒന്നായിരിക്കാം സൂചിപ്പിച്ചത്. ഒരുപക്ഷെ ആ അസാധാരണസംഭവം റോമൻ രേഖകളിലും കണ്ടിരിക്കാൻ സാധ്യതയുണ്ട്.[28]

ഇരുട്ട് സൂര്യഗ്രഹണം കൊണ്ടുണ്ടായതാണെന്ന് പറയപ്പെട്ടിട്ടുണ്ട്, എന്നാൽ സൂര്യഗ്രഹണം പെസഹാപെരുന്നാളിൽ അസംഭവ്യമാണ്. "[പെരുന്നാളിന്റെ] ഈ ആഘോഷം പൂർണ്ണചന്ദ്രനുള്ളപ്പോഴായിരുന്നു (പുറപ്പാട് 12:6)"[29] - പൂർണ്ണചന്ദ്രനുള്ളപ്പോൾ സൂര്യഗ്രഹണം ഉണ്ടാകാറില്ല.[30] ആകാശത്തെ മേഘം മൂടിയതാണെന്നും ആ പ്രതിഭാസത്തെ പറയുവാൻ സാധ്യമല്ല. ഇരുട്ട് അസാധാരണ സംഭവമായിരുന്നു എന്ന് വിശ്വസിക്കുവാൻ കാരണങ്ങളുണ്ട്. (1) ഇരുട്ടോടുകൂടി ദൈവാലയത്തിലെ തിരശീല രണ്ടായി കീറിയതു യോജിപ്പിച്ചു പറയുന്നുണ്ട് (ലൂക്കൊസ് 23:44, 45), അത് ഒരു അത്ഭുതമായിരുന്നു[31] എന്ന് നിസംശയം പറയാം. (2) യേശുവിന്റെ മരണസമയത്ത് പരന്ന ഇരുട്ട് ദൈവിക ഇടപെടലിനെ ആണ് വ്യക്തമാക്കുന്നത്.

''ഒമ്പതാം മണി വരെ'' മൂന്ന് മണിക്കൂർ ഇരുട്ടുണ്ടായിരുന്നു

(ലൂക്കൊസ് 23:44) – അതായത് ഉച്ചകഴിഞ്ഞ് 3.00 മണി. ദൈവം എന്തുകൊണ്ടാണ് അപ്പോൾ ഇരുട്ട് വരുത്തിയത് എന്ന് നമുക്ക് തീർച്ചയില്ല, എന്നാൽ ജോൺ കാർട്ടറിന്റെ പരാമർശങ്ങൾ ഏതാണ്ട് അടുത്ത് വന്നിരിക്കുന്നു:

> ... ഇരുട്ട് ഒരു കർട്ടൻ പോലെ അവനെ ഉപദ്രവിക്കുന്നവരിൽനിന്നും, വിലപിക്കുന്ന അവന്റെ സ്നേഹിതരിൽനിന്നും കഷ്ടത അനുഭവിക്കുന്ന രക്ഷകനെ മറെക്കുന്നതായിരുന്നു. തീർച്ചയായും, ശകാരവും നിന്ദയും ആ ഇരുട്ടിനു ശേഷം ശമിച്ചുകാണും; നിശബ്ദതയിൽ കഷ്ടം അനുഭവിക്കുവാൻ യേശുവിനെ വിട്ടുകളഞ്ഞു. ഒരുപക്ഷെ നമ്മുടെ എല്ലാവരുടേയും അകൃത്യഭാരം അവനിൽ ഏല്പിച്ചതു ആ ഇരുട്ടായ മൂന്ന് മണിക്കൂറിലായിരിക്കാം (യെശയ്യാവ് 53:6), അവൻ തന്റെ ശരീരത്തിൽ "നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് കുരിശിന്മേൽ കയറി" (1 പത്രൊസ് 2:24), അതു അവൻ "നമുക്ക് വേണ്ടി പാപം ആകേണ്ടതിന്ന്" ആയിരുന്നു (2 കൊരിന്ത്യർ 5:21), "വിശ്വസിക്കുന്നവർക്ക് ... അവന്റെ രക്തത്താൽ പ്രായശ്ചിത്തമാകുവാൻ അവനെ നിറുത്തിയിരിക്കുന്നു" (റോമർ 3:25). "പുറത്തുള്ള ഇരുട്ടിന്റെ" കഷ്ടത ചില രീതിയിൽ അവൻ അനുഭവിക്കയായിരുന്നു (മത്തായി 8:12) അതു തന്നെ പിൻപറ്റുന്നവരിൽ ''ജീവന്റെ വെളിച്ചം പകരുന്നതിനായിരുന്നു'' (യോഹന്നാൻ 8:12).[32]

**അർത്ഥം**

ഇരുട്ടുള്ള മണിക്കൂർ അവസാനിക്കാറായപ്പോൾ, ക്രിസ്തു നാല് പ്രാവശ്യം തുടരെ തുടരെ പെട്ടെന്ന് പറഞ്ഞു. ആ സമയം, ''ഏതാണ്ട് ഒമ്പതാം മണി നേരത്ത്" താൻ മരണവേദന സഹിച്ചുകൊണ്ട് പ്രഖ്യാപിച്ചു: "ഏലി, ഏലി, ലമ്മാ ശബ്ബക്താനി?" (മത്തായി 27:46). അവ എബ്രായ അരാമ്യ വാക്കുകളായിരുന്നു[33] അർത്ഥം ''എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്?'' (മത്തായി 27:46). ആ ചോദ്യം ഉറപ്പിക്കുന്നത്, നമ്മുടെ പാപങ്ങൾക്കുള്ള ശിക്ഷ നൽകുവാൻ, യേശുവിനെ - കുറച്ചു സമയത്തേക്ക് - ദൈവം-കൈവിട്ടു.

ഒരു ചോദ്യം ഉദിച്ചേക്കാം: "എന്നാൽ തന്റെ മരണത്തിന്റെ ഉദ്ദേശം യേശു മനസിലാക്കിയിരുന്നില്ലേ - മനസിലാക്കിയെങ്കിൽ, പിന്നെ അവൻ ദൈവത്തോട് 'നീ എന്നെ കൈവിട്ടതെന്ത്' എന്ന് ചോദിച്ചതെന്തിന്?" നല്ല വിശദീകരണം അവൻ സങ്കീർത്തനങ്ങൾ 22:1 ഉദ്ധരിച്ച് സങ്കീർത്തനക്കാരന്റെ പദപ്രയോഗം നടത്തുകയായിരുന്നു. സംശയപ്രസ്താവനയായിരുന്നില്ല കർത്താവിന്റേത്, പക്ഷെ വിശ്വാസം ഉറപ്പിക്കുന്നതായിരുന്നു. തന്റെ മരണം നിർഭാഗ്യകരമായ വിപത്തല്ല, പിന്നെയോ ദൈവത്തിന്റെ പ്ലാനും പദ്ധതിയുമായിരുന്നു എന്നു ഉറപ്പിക്കുന്നതായിരുന്നു ആ ഉദ്ധരണി (സങ്കീർത്തനങ്ങൾ 22:6–8, 12–18 നോക്കുക).

യേശു ഉറക്കെ പറഞ്ഞത് അവിടെ നിന്ന ചിലർക്ക് മനസിലായില്ല. ഒരുപക്ഷെ അവൻ ശ്വാസം വിടാൻ വിഷമിച്ച് ഉച്ചരിച്ചതുകൊണ്ടാകാം. അല്ലെങ്കിൽ, അവൻ അതു പറഞ്ഞപ്പോൾ അവർ മറ്റെന്തെങ്കിലും ചിന്തിച്ചുകൊണ്ടിരുന്നേക്കാം; ഒരുപക്ഷെ ചിലർ (എന്നെപോലെ) പ്രായമായവരായിരുന്നേക്കാം. അവരുടെ കേൾവി (എന്റേതു പോലെ) ചിലത് ആഗ്രഹിച്ചതു പോലെ ആയേക്കാം. കാരണം എന്തായായലും, ക്രിസ്തു "ഏലി" ("എന്റെ

ദൈവമേ") എന്നു പറഞ്ഞപ്പോൾ, അവൻ "ഏലിയാവിനെ" വിളിക്കുന്നു എന്നാണ് വിചാരിച്ചത് (അതിന്റെ അർത്ഥം "എന്റെ ദൈവം യഹോവ [ആകുന്നു]"). "അവൻ ഏലിയാവിനെയാണ് വിളിച്ചതെന്ന് അവർ തീർച്ച യാക്കി" (മത്തായി 27:47). മശിഹായുഗത്തിൽ ഏലിയാവ് പ്രത്യക്ഷനാകു മെന്ന് ശാസ്ത്രിമാർ പഠിപ്പിച്ചിരുന്നു (മത്തായി 17:10). മോഹിപ്പിച്ചുകൊണ്ട്, ചിലർ പറഞ്ഞു, "ഏലിയാവ് വന്ന് അവനെ രക്ഷിക്കുമോ എന്നു നോക്കാം," "[അവൻ] വന്ന് അവനെ ഇറിക്കുമോ എന്ന് നമുക്ക് കാണാം" (മത്തായി 27:49; മർക്കൊസ് 15:36).

അവരുടെ തെറ്റിദ്ധാരണ മാറ്റുവാൻ കർത്താവ് ശ്രമിച്ചില്ല. മറിച്ച്, "അതിന്റെ ശേഷം, സകലവും തികഞ്ഞിരിക്കുന്നു എന്ന് യേശു അറിഞ്ഞിട്ട്[34] തിരു വെഴുത്ത് നിവൃത്തിയാകുംവണ്ണം[35] എനിക്ക് ദാഹിക്കുന്നു എന്നു പറഞ്ഞു" (യോഹന്നാൻ 19:28). അവിടെ പുളിച്ച വീഞ്ഞ് നിറച്ചോരു പാത്രം വെച്ചിട്ടു ണ്ടായിരുന്നു. അവർ ഒരു സ്പോങ്ങ് പുളിച്ച വീഞ്ഞ് ഈസോപ്പ് തണ്ടിന്മേ ലാക്കി[36] അവന്റെ വായോടടുപ്പിച്ചു (യോഹന്നാൻ 19:29; മർക്കൊസ് 15:36 നോക്കുക). മുൻപ് യേശു പാനിയം നിരസിച്ചിരുന്നു; എന്നാൽ ഇപ്പോൾ അതു സ്വീകരിച്ചു (മത്തായി 27:34; മർക്കൊസ് 15:23; യോഹന്നാൻ 19:30). കഷ്ടത ഏതാണ്ട് അവസാനിക്കാറായതുകൊണ്ട്, വേദന-ശമിപ്പിക്കുന്നതി നായിരുന്നില്ല, അത് ഒരുപക്ഷെ ദാഹശമനത്തിന് മാത്രമായിരിക്കയില്ല, താഴെ പറയുന്നത് സംസാരിക്കുവാൻ അവന്റെ തൊണ്ട നനക്കുന്നതിനുമായിരിക്കാം.

"യേശു പുളിച്ച വീഞ്ഞ് സ്വീകരിച്ചുകൊണ്ട് പറഞ്ഞു, 'നിവൃത്തിയായി'" (യോഹന്നാൻ 19:30). അവന്റെ കഷ്ടത ഏതാണ്ട് അവസാനിക്കാറായി, എന്നാൽ ദൈവം തനിക്ക് നിവർത്തിപ്പാൻ തന്ന ദൗത്യം താൻ *പൂർത്തിയാക്കി* എന്ന ധ്വനി അതിലടങ്ങിയിരിക്കുന്നു (യോഹന്നാൻ 17:4[37]). ബി. എസ്. ഡീൻ എഴുതി.

> "നിവൃത്തിയായി"; തീർന്നു, വെറുതെ അവസാനിക്കുകയായിരുന്നില്ല, ഭൂമി യിൽ ജീവിച്ചതിൽ വെച്ച് ഏറ്റവും ഉത്തമമായ ജീവിതം, അവസാനിച്ചു, പിതാക്കന്മാരും പ്രവാചകന്മാരും വിചാരിച്ചിരുന്നതിനേക്കാൾ നിഴലും അട യാളവുമായിരുന്ന പഴയനിയമ പ്രവചനങ്ങളേക്കാൾ വളരെ ഉന്നതമായിട്ടാ യിരുന്നു നിറവേറ്റിയത്.[38]

ക്രിസ്തുവിന്റെ വാക്കുകൾ "വിജയത്തിന്റെ നിലവിളി ... നേട്ടത്തിന്റെ നിലവിളി ... യും, അതേ ആശ്വാസത്തിന്റെ നിലവിളിയും ആയിരുന്നു. യേശു വിനു മുള്ളുകൾക്ക് പകരം കിരീടം ലഭിക്കുവാൻ കഴിഞ്ഞു. അവന്റെ നഗ്ന തക്ക് വസ്ത്രമായി, അവന്റെ നിന്ദക്കു പകരം മഹത്വം ലഭിച്ചു, അവന്റെ മുറി വുകൾക്ക് പകരം ആരാധന ലഭിക്കുമാറായി."[39]

ക്രിസ്തു പിന്നെ, "അത്യുച്ചത്തിൽ,"[40] നലവിളിച്ചു പറഞ്ഞു, "പിതാവേ, എന്റെ പ്രാണനെ തൃക്കയ്യിൽ ഏൽപിക്കുന്നു"[41] (ലൂക്കൊസ് 23:46). "ഇതു പറഞ്ഞിട്ടു" (ലൂക്കൊസ് 23:46), "അവൻ തല ചായ്ച്ചു തന്റെ പ്രാണനെ വിട്ടു" (യോഹന്നാൻ 19:30). കർത്താവ് "തന്റെ അന്ത്യശ്വാസം വലിച്ചു" (ലൂക്കൊസ് 23:46; മർക്കൊസ് 15:37), "നമ്മുടെ പാപങ്ങൾക്ക് വേണ്ടി തിരു വെഴുത്തിൻ പ്രകാരമത്രെ" അവൻ മരിച്ചത് (1 കൊരിന്ത്യർ 15:3).

യേശു അത്ര പെട്ടെന്ന് മരിച്ചതിനെ കുറിച്ച് ആളുകൾ ഊഹാപോഹ

ങ്ങൾ നടത്തിയിട്ടുണ്ട്,[42] എന്നാൽ ഈ വാക്യങ്ങൾ നമുക്ക് ഉൾക്കാഴ്ച്ച നൽകുന്നുണ്ട്:അവൻ മരിക്കുവാൻ മനസ് വെച്ചു. മനുഷ്യന് അവന്റെ ജീവൻ എടുപ്പാൻ കഴിഞ്ഞില്ല; അവൻ അതു നമുക്ക് എല്ലാവർക്കുമായി സ്വയമായി നൽകുകയായിരുന്നു (യോഹന്നാൻ 10:17, 18)[43]

**അത്ഭുതങ്ങൾ**

യേശു മരിച്ചപ്പോൾ, വലിയ ഒരു ഭൂകമ്പമുണ്ടായി (മത്തായി 27:54): "... ഭൂമി കുലുങ്ങി, പാറകൾ പിളർന്നു" (മത്തായി 27:51). ഭൂമി കുലുങ്ങിയപ്പോൾ, പാറകൾ പിളർന്നു, "കല്ലറകൾ തുറന്നു, നിദ്ര പ്രാപിച്ച വിശുദ്ധന്മാരുടെ ശരീരങ്ങൾ പലതും ഉയിർത്തെഴുന്നേറ്റു" (മത്തായി 27:52). വിശുദ്ധന്മാരുടെ ഉയിർത്തെഴുന്നേല്പ് സംഭവിക്കുന്നത് അവന്റെ പുനരുത്ഥാനം കഴിഞ്ഞിട്ടാണ്, കാരണം മത്തായി പറയുന്നത് ശ്രദ്ധിക്കുക, "*അവന്റെ പുനരുത്ഥാനത്തിന് ശേഷം* കല്ലറകളെ വിട്ടു, വിശുദ്ധനഗരത്തിൽ ചെന്ന് പലർക്കും പ്രത്യക്ഷമായി" (മത്തായി 27:52, 53; എംഫസിസ് മൈൻ).

ഭൂമി കുലുങ്ങിയപ്പോൾ, നഗരത്തിൽ "ദൈവാലയത്തിലെ തിരശീല മുകൾ തൊട്ട് അടിവരെ രണ്ടായി കീറിപ്പോയി" (മത്തായി 27:51; മർക്കൊസ് 15:38; ലൂക്കൊസ് 23:45). ആ അസാധാരണ ശ്രദ്ധ-ആകർഷിക്കുന്ന പ്രതിഭാസം ഭൂമി-കുലുക്കത്തെ പ്രഖ്യാപിക്കുന്നു![44]

ഗൊൽഗോഥയിലുണ്ടായിരുന്നവർക്ക് രണ്ട് അത്ഭുതങ്ങളേ അറിയുവാൻ കഴിഞ്ഞുള്ളു - ഇരുട്ടും ഭൂമികുലുക്കവും - എന്നാൽ ഇതും ക്രൂശിന്മേൽ യേശുവിന്റെ പെരുമാറ്റവും അവരിൽ വലിയ സ്വാധീനം ചെലുത്തി. "അവന്ന് എതിരെ നിന്ന ശതാധിപൻ അവൻ ഇങ്ങനെ പ്രാണനെ വിട്ടത് കണ്ടിട്ട് ഈ മനുഷ്യൻ ദൈവപുത്രൻ ആയിരുന്നു സത്യം എന്നു പറഞ്ഞു" (മർക്കൊസ് 15:39). "പിന്നെ അവനും മറ്റു പടയാളികളും ഭൂമികുമ്പം മുതലായി സംഭവിച്ചതു കണ്ടിട്ട് ഏറ്റവും ഭയപ്പെട്ടു" (മത്തായി 27:54). ശതാധിപൻ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് പറഞ്ഞു, "ഈ മനുഷ്യൻ വാസ്തവത്തിൽ നീതിമാൻ ആയിരുന്നു" (ലൂക്കൊസ് 23:47). വീണ്ടും അവൻ പറഞ്ഞു, "അവൻ ദൈവപുത്രനായിരുന്നു സത്യം!" (മർക്കൊസ് 15:39), അവന്റെ പടയാളികളും അവനോട് യോജിച്ചു: "അവൻ ദൈവപുത്രൻ ആയിരുന്നു സത്യം" (മത്തായി 27:54).[45]

സന്നിഹിതരായിരുന്ന മറ്റുള്ളവരേയും അത്ഭുതങ്ങൾ മതിപ്പുളവാക്കി. ഇരുട്ടിൽ അവർ ഒരുപക്ഷെ നിശബ്ദരായി കാണും. ഇപ്പോൾ, "കാൺമാൻ കൂടിവന്ന പുരുഷാരം ഒക്കെയും സംഭവിച്ചത് കണ്ടിട്ട് മാറത്തടിച്ചുകൊണ്ട് [അവരുടെ വീടുകളിലേക്ക്] മടങ്ങിപ്പോയി" (ലൂക്കൊസ് 23:48) പൂർവ്വദേശങ്ങളിലെയും ദുഃഖപ്രകടനം അങ്ങനെയായിരുന്നു (യെശയ്യാവ് 32:12; നാഹും 2:7; ലൂക്കൊസ് 18:13). തീർച്ചയായും, അവയെല്ലാം തന്നെ അവരുടെ ഹൃദയങ്ങൾ ആഴ്ച്ചകൾക്ക് ശേഷം നടക്കുവാനിരിക്കുന്ന പത്രൊസിന്റെ പ്രസംഗത്തിനായി ഒരുക്കുവാൻ സഹായിച്ചു (പ്രവൃത്തികൾ 2:14, 23, 36, 37 നോക്കുക).

## ഉപസംഹാരം

യേശു ദൈവത്തിന്റെ പുത്രൻ ആയിരുന്നു; അതുകൊണ്ട്, അവന്റെ മരണം നമ്മുടെ മനസിലാക്കലിനപ്പുറമായിരുന്നു. ദൈവത്തിന്റെ സ്വന്ത

പുത്രൻ കുരിശിൽ മരിക്കുന്നതു നാം കണ്ടു! എന്തൊരത്ഭുതം! നമ്മുടെ വീണ്ടെടുപ്പിനു വേണ്ടിയാണ് അവൻ മരിച്ചത് എന്ന് തിരുവെഴുത്ത് വെളിപ്പെടുത്തുന്നു (1 കൊരിന്ത്യർ 15:3). ഈ മനോഹരസത്യത്തിൽ നമുക്ക് സന്തോഷിക്കാം!

## പ്രസംഗക്കുറിപ്പുകൾ

ഈ പാഠത്തിന് ഉപയോഗിച്ച വേദഭാഗങ്ങൾ എടുത്ത് പല പ്രസംഗങ്ങളും നടത്താം. ബൈബിൾ വ്യക്തിത്വങ്ങളെ കുറിച്ചുള്ള പ്രസംഗക്കുറിപ്പുകൾ ഈ പുസ്തകത്തിൽ ഉള്ള ''നിങ്ങൾ അവിടെ ഉണ്ടായിരുന്നോ?'' എന്നതു നോക്കുക.

ക്രൂശിനെ കുറിച്ചു പ്രസംഗിക്കുന്നതിന് അമിതപ്രാധാന്യം കൊടുക്കുവാൻ എനിക്ക് സാധ്യമല്ല. പൗലൊസ് പറഞ്ഞു, "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടയാകരുത്'' (ഗലാത്യർ 6:14). ക്രൂശിനെ കുറിച്ചുള്ള എന്റെ ഫയലിലെ പ്രസംഗങ്ങൾ ഇവയാണ്: ''ക്രൂശിലെ ക്രിസ്തുവിനെ വീക്ഷിക്കൽ" (മറിയയിൽ കൂടെയും [സ്നേഹം], ബറബ്ബാസിൽ [നന്ദി] കൂടെയും, കുറേനക്കാരനായ ശീമോനിൽ [ഉത്തരവാദിത്വം] കൂടെയും;) "കാൽവരിയിൽ മൂന്നു കുരിശ്" (യേശുവിന്റെ കുരിശ് [വീണ്ടുടുപ്പിന്റെ കുരിശ്], ഒരു കള്ളന്റെ കുരിശ് [മൽസരത്തിന്റെ കുരിശ്], പിന്നെ മറ്റെ കള്ളന്റെ കുരിശ് [മാനസാന്തരത്തിന്റെ കുരിശ്]). ഞാൻ പണ്ട് പ്രസംഗിക്കുവാൻ തുടങ്ങിയപ്പോൾ എനിക്ക് ഇഷ്ടപ്പെട്ട ക്രൂശിലെ പ്രസംഗം ജി. സി. ബ്രൗണിന്റെ "ക്രിസ്തു, ദൈവസ്നേഹത്തിന്റെ ദാനം."[46]

---

കുറിപ്പുകൾ

[1]ജോൺ ഫ്രാങ്ക്ലിൻ കർട്ടർ, *എലേമാൻസ് ഹാർമണി ഓഫ് ദ ഗോസ്പെൽസ്* (നാഷ്വിലേ: ബ്രോഡ്മാൻസ് പ്രസ്, 1961), 326. [2]വില്യം ഡി. എഡ്വേർഡ്സ്, വെസ്ലി ജെ. ഗാബേൽ ആന്റ് ഫ്ളോയിഡ് ഇ. ഹെസ്മെർ, "ഓൺ ദ ഫിസിക്കൽ ഡെത്ത് ഓഫ് ജീസസ് ക്രൈസ്റ്റ്," *ജേണൽ ഓഫ് ദ അമേരിക്കൻ മെഡിക്കൽ അസോസിയേഷൻ* (21 മാർച്ച് 1986), 1458. [3]ഇബിഡ്, 1460–61. [4]ശ്വാസം പുറത്തേക്ക് വിടുന്നതിനെയാണ് "എക്സാലേഷൻ" എന്നു പറയുന്നത്. [5]കുറ്റവാളി ആണി അടിച്ചിട്ടുള്ള കാലുകൾ ഊന്നി ശ്വാസം പുറത്തേക്ക് വിടുവാൻ പ്രയാസപ്പെട്ടുകൊണ്ടിരിക്കുമ്പോൾ, കാൽ ഒടിക്കുന്നത് മരണം വേഗത്തിലാക്കും (യോഹന്നാൻ 19:31–33 ന്റെ കുറിപ്പുകൾ ഈ പുസ്തകത്തിൽ പിന്നീട് വരുന്നത് നോക്കുക). [6]ഈ രണ്ടു ഭാഗങ്ങളിലുമുള്ള സംഭവങ്ങളുടെ കൃത്യമായ ക്രമം നമുക്ക് തീർച്ചയില്ല, സാധ്യതയുള്ള ഒരു ക്രമമാണ് നാം ഈ അവതരണത്തിൽ ഉപയോഗിച്ചത്. [7]ബെൽറ്റ് ഒന്നുകിൽ തുണികൊണ്ടോ അല്ലെങ്കിൽ തോൽ കൊണ്ടോ ഉള്ളതായിരിക്കും, അതിനെ ബൈബിളിന്റെ ഇംഗ്ലീഷ് തർജിമയിൽ ഉപയോഗിച്ചിട്ടുള്ള വാക്ക് "ഗെർഡിൽ" എന്നാണ്, കാരണം അതു ശരീരത്തെ "ഗെർഡ് " (ചുറ്റുന്നു) ചെയ്യുന്നു. ഞാൻ താമസിക്കുന്ന സ്ഥലത്ത് "ഗെർഡിൽ" അടിവസ്ത്രത്തിനാണ് ഉപയോഗിക്കുന്നത്, അതുകൊണ്ട് ഞാൻ "ബെൽറ്റ്'' എന്ന വാക്ക് ഉപയോഗിച്ചു. [8]"വിലയുള്ള ഒന്നിനെയാണ് കർത്താവ് സ്വന്തമാക്കിയത് " എന്ന് പലപ്പോഴും പറയാറുണ്ട്. അത് ഒരുപക്ഷെ അതിശയിപ്പിക്കുന്നവന്റെ ദാനമാകാം. [9]പടയാളികൾ ആ രണ്ടു കള്ളന്മാരുടേയും വസ്ത്രങ്ങൾ പകുത്തെടുക്കുകയും അവരെ ആരും ക്രൂശിൽ നിന്നും ഇറക്കി കൊണ്ടുപോകാ

തിരിക്കുവാൻ കാക്കുകയും ചെയ്തിരുന്നു - എന്നാൽ ഊന്നൽ യേശുവിന്റെ സംഭവത്തിനായിരുന്നു. [10]തമാശയായി തലയാട്ടൽ അല്ലെങ്കിൽ കളിയാക്കി തലയാട്ടൽ ഉണ്ട് (സങ്കീർത്തനങ്ങൾ 22:7; 109:25; യെശയ്യാവ് 37:22; യിരെമ്യാവ് 18:16). എല്ലാ സംസ്കാരത്തിലും വെറുപ്പു പ്രകടമാക്കുന്ന ആംഗ്യമുണ്ടാകും.

[11]മന്ദിരം വീണ്ടും പണിയുമെന്ന യേശുവിന്റെ മുൻ പ്രസ്താവന (യോഹന്നാൻ 2:19) വ്യക്തമായും ആളുകളിൽ മതിപ്പുളവാക്കി, പക്ഷെ ആ പ്രസ്താവന ആളുകൾ തെറ്റായി ഉപയോഗിക്കുകയും തെറ്റിദ്ധരിക്കുകയും ചെയ്തു. [12]യേശു തന്നെത്താൻ രക്ഷിച്ച് ക്രൂശിൽനിന്ന് ഇറങ്ങി വന്നാൽ, പിന്നെ അവനു മനഷ്യവർഗത്തെ രക്ഷിക്കുവാൻ കഴിയുമായിരുന്നില്ല എന്ന് ആ ആളുകൾ മനസിലാക്കിയില്ല. അവൻ പിതാവിന്റെ ഇഷ്ടത്തിന് തന്നെ ഏല്പിച്ചതുകൊണ്ടാണ് അവൻ ക്രൂശിൽ കിടന്നതു എന്നും അവർ തിരിച്ചറിഞ്ഞില്ല. [13]ക്രൂശിൽ നിന്നും ഇറങ്ങി വരുന്നതിനേക്കാൾ വലിയ അത്ഭുതം ഏതാനും ദിവസങ്ങൾക്ക് ശേഷം യേശു ചെയ്യുവാനിരിക്കുന്നു - കല്ലറയിൽ നിന്നും എഴുന്നേറ്റു വരുന്നത് - അതിനുപോലും പ്രമാണിമാരുടെ കാഠിന്യമുള്ള ഹൃദയത്തെ മാറ്റുവാൻ കഴിഞ്ഞില്ല. യേശു ക്രൂശിൽനിന്നും ഇറങ്ങി വരാതിരുന്നതു, പിന്നീട് കോടിക്കണക്കിന് ആളുകളിൽ വിശ്വാസം ജനിപ്പിക്കേണ്ടതിനായിരുന്നു എന്നതു മുൻകാണുവാൻ അവർക്ക് കഴിഞ്ഞില്ല(യോഹന്നാൻ 12:32 നോക്കുക). [14]എച്ച്. ഐ. ഹെസ്റ്റർ, *ദ ഹാർട്ട് ഓഫ് ന്യൂടെസ്റ്റമെന്റ്* (ലിബർട്ടി, മോ.: ക്വാളിറ്റി പ്രസ്, 1963), 214. [15]ബി. എസ്. ഡീൻ, "ആൻ ഔട്ട്ലൈൻ ഓഫ് ന്യൂടെസ്റ്റമെന്റ് ഹിസ്റ്ററി," *ട്രൂത്ത് ഫോർ ടുഡേ* (മാർച്ച് 1992), 29. [16]ക്രൂശിലെ യേശുവിന്റെ ഏഴു പ്രസ്താവനകളിൽ ആദ്യത്തേതാണ് ഇത്. അത് ആ സംഭവപരമ്പരയുടെ തുടക്കത്തിൽ അവൻ പറഞ്ഞിരിക്കാം. തന്നെ ഉപദ്രവിച്ചവർക്കുവേണ്ടി യേശു പ്രാർത്ഥിച്ചുവെങ്കിലും, അവർ തങ്ങളുടെ പാപങ്ങൾ ഉപേക്ഷിച്ച് മാനസാന്തരപ്പെട്ട് ദൈവേഷ്ടം ചെയ്തുവെങ്കിൽ മാത്രമെ ദൈവം അവരോട് ക്ഷമിക്കയുള്ളു (പ്രവൃത്തികൾ 2:22, 23, 36–38). [17]രണ്ടു കള്ളന്മാരും യേശുവിനെ പരിഹസിച്ചു എന്നാണ് മത്തായിയും മർക്കൊസും സൂചിപ്പിച്ചത്. എന്നാൽ ലൂക്കൊസ് പറയുന്നത് ഒരാൾ പരിഹസിക്കുകയും മറ്റെ കള്ളൻ കർത്താവിന് വേണ്ടി നിലനില്ക്കയും ചെയ്തു എന്നാണ്. ഒരു പക്ഷെ ആദ്യം രണ്ടുപേരും നിന്ദിച്ചശേഷം ഒരാൾ പിന്നീട് മനസ് മാറ്റിയതാകാം. അല്ലെങ്കിൽ ഒരാൾ പകുതി - മനസോടെയാകാം നിന്ദിച്ചത് എന്നതിനും സാധ്യതയുണ്ട്. [18]ക്രൂശിന്റെ ഈ വശത്തുള്ളവർക്ക് രക്ഷിക്കപ്പെടുവാൻ എടുക്കാവുന്ന മാതൃകയല്ല ക്രൂശിലെ കള്ളന്റേത്, എന്നാൽ അത് ക്രിസ്തുവിനുവേണ്ടി നാം എങ്ങനെ സംസാരിക്കണമെന്ന് പഠിപ്പിക്കുന്നു. [19]ഡീൻ, 29. [20]പാതാളത്തിലെ ഈ ഭാഗത്തെ ലൂക്കൊസ് 16:22–ൽ പറഞ്ഞിരിക്കുന്നത് അബ്രഹാമിന്റെ മടി എന്നാണ്. ലൂക്കൊസ് 23 ലെ പറുദീസ പാതാളത്തിലാണെന്ന് നമുക്ക് അറിയാം കാരണം യേശു മരിച്ച ശേഷം പാതാളത്തിലേക്കാണ് പോയതെന്ന് പത്രൊസ് പറഞ്ഞിരിക്കുന്നു (പ്രവൃത്തികൾ 2:31). ലൂക്കൊസ് 23 ലെ പറുദീസ ദൈവം വസിക്കുന്ന സ്വർഗത്തിലല്ല എന്നും നമുക്ക് അറിയാം, കാരണം യേശു അന്ന് പറുദീസയിലേക്കാണ് പോയത്, ദിവസങ്ങൾക്ക് ശേഷം, താൻ പിതാവിന്റെ അടുക്കൽ പോയിട്ടില്ല എന്നു കർത്താവ് പറയുകയുണ്ടായി (യോഹന്നാൻ 20:17).

[21]അവൻ ഭൂമിയിലായിരുന്നപ്പോൾ യേശുവിന് ഏതു വിധത്തിൽ വേണമെങ്കിലും പാപമോചനം കൊടുക്കാമായിരുന്നു (മർക്കൊസ് 2:10). ആ അധികാരം അവൻ വിരളമായിട്ടേ ഉപയോഗിച്ചിരുന്നുള്ളു. അവയിൽ ഒന്നാണ് ഇത്. [22]ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "ക്രൂശിങ്കൽ നിന്ന സ്ത്രീകൾ" എന്ന ലേഖനം നോക്കുക. [23]ഒരിക്കൽ കൂടെ, "[യേശു] സ്നേഹിച്ച ശിഷ്യൻ" എന്നു യോഹന്നാൻ പറഞ്ഞത് അവനെത്തന്നെ ആണെന്ന് അനുമാനിക്കപ്പെടുന്നു എന്നു പറയട്ടെ. [24]അവൻ മറിയയുടെ മൂത്തമകനായിരുന്നതുകൊണ്ട് അവളോട് അവന് പ്രത്യേക ഉത്തരവാദിത്വമുണ്ടായിരുന്നു. അവളെ കരുതേണ്ട

ഉത്തരവാദിത്വം യേശു ഏറ്റെടുത്തതുകൊണ്ട് ഇതിനു മുൻപായി യോസേഫ് മരിച്ചുപോയി എന്ന് സൂചിപ്പിക്കുന്നു. [25]മുൻപ് നാം ശ്രദ്ധിച്ചതുപോലെ പരസ്പരം "സ്ത്രീയേ" എന്നു വിളിക്കുന്നത് ആ സമൂഹത്തിൽ കുറച്ചിലായിരുന്നില്ല. എൻഐവിയിൽ "പ്രിയ സ്ത്രീയേ" എന്നാണ്. [26]യേശു തന്റെ അമ്മയെ സഹോദരന്മാരെ ഏല്പിക്കാതിരുന്നതിന്റെ കാരണം, ആ സമയത്ത് അവർഅവനിൽ വിശ്വസിച്ചിരുന്നില്ല (യോഹന്നാൻ 7:5). അവർ ക്രൂശിന ടുത്ത് വന്നിരിക്കാനും സാധ്യതയില്ല. അവന്റെ ഉയിർത്തെഴുന്നേല്പിനുശേഷം അവർ വിശ്വാസികളായിതീർന്നു (പ്രവൃത്തികൾ 1:14). യോഹന്നാൻ യേശുവിന്റെ ബന്ധുവായി രുന്നുവെങ്കിൽ ("ക്രൂശിങ്കൽ നിന്ന സ്ത്രീകൾ" എന്ന ലേഖനം ഈ പുസ്തകത്തിൽ വരുന്നതു നോക്കുക) അവൻ എന്തുകൊണ്ട് തന്നെ അമ്മയെ യോഹന്നാനെ ഏല്പിച്ചു എന്നതു വിശദമാക്കുന്നു. ദൈവശ്വാസിയമല്ലാത്ത ഒരു പാരമ്പര്യം പറയുന്നത് മറിയ തന്റെ ശേഷിച്ച കാലമൊക്കെയും യോഹന്നാനോടുകൂടെയാണ് താമസിച്ചത് എന്നാണ്. മറ്റൊരു ദൈവശ്വാസീയമല്ലാത്ത പാരമ്പര്യം പറയുന്നത് മറിയ താല്ക്കാലികമായി യോഹന്നാ നോടുകൂടെ താമസിച്ചുവെങ്കിലും പിന്നീട് അവളുടെ അവസാനകാലം യെരുശലേമി ലാണ് ചെലവഴിച്ചതെന്ന് പറയുന്നു. [27]യേശു അന്ത്യശ്വാസം വലിക്കുന്നതുവരെ, ക്രൂശി ങ്കൽ നിന്ന സ്ത്രീകളുടെ ലിസ്റ്റിൽ മറിയയെ ഉൾപ്പെടുത്തിയിരുന്നില്ല (മത്തായി 27:56; മർക്കൊസ് 15:40), അതു സൂചിപ്പിക്കുന്നത് യോഹന്നാൻ അവളെ ദൂരെ മാറ്റി കൊണ്ടു പോയിരിക്കാമെന്നാണ്. യേശു മരിക്കുന്നതിനു മുൻപ് മറിയയെ കാണിക്കുവാൻ യോഹ ന്നാൻ തന്നെ അവളെ കൊണ്ടുവന്നതാകാം (യോഹന്നാൻ 19:35 നോക്കുക). [28]ഇരു ട്ടിനെക്കുറിച്ചും ക്രൂശിനു ചുറ്റും നടന്ന മറ്റ് അസാധാരണ സംഭവങ്ങളെ കുറിച്ചും കൂടു തലായി അറിയുവാൻ, ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "കാൽവരിയിലെ അത്ഭുത ങ്ങൾ" നോക്കുക. [29]എം. ആർ. വിൽസൺ, "പെസഹ," ഇന്റർ നാഷണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ, ജെന, എഡി. ജെഫ്റി ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു.എം. ബി. എർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1986), 3.676. മാസം പതിനാലാം തിയതി, പൂർണ്ണ ചന്ദ്രനുള്ളപ്പോൾ എന്ന് പ്രത്യേകമായി പുറപ്പാട് 12:6–ൽ പറയുന്നു. [30]പൂർണ്ണചന്ദ്രൻ കാണിക്കുന്നത് സൂര്യനും ചന്ദ്രനും എതിർ ദിശയിലാണ് എന്നത്രെ (അതുകൊണ്ട് ചന്ദ്രൻ സൂര്യന്റെ കിരണങ്ങൾ പൂർണ്ണമായും പ്രതിഫലിപ്പി ക്കും). സൂര്യഗ്രഹണം സംഭവിക്കുന്നത് ചന്ദ്രൻ ഭൂമിക്കും സൂര്യനും ഇടക്ക് വരുമ്പോഴാ ണ് – അത് സൂര്യനും ചന്ദ്രനും ഭൂമിക്ക് എതിർദിശയിലാകുമ്പോൾ അസാധ്യമാണ്.

[31]ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "കാൽവരിയിലെ അത്ഭുതങ്ങൾ" എന്ന പ്രസംഗം നോക്കുക. [32]കാർട്ടർ, 329. [33]"ഏലി" എന്നതു എബ്രായ വാക്കും "ലമ്മാ ശബ്ബ ക്താനി" എന്നത് അരാമ്യവാക്കുമായിരുന്നു. മർക്കൊസിന്റെ വിവരണത്തിലും ആദ്യത്തെ വാക്ക് "എലോയി" അരാമ്യയാണ് (മർക്കൊസ് 15:34). രണ്ടും ചേർത്തതിൽ അല്പം വ്യത്യാസമുണ്ട്. [34]ഭൂമിയിൽ പ്രത്യേക ദൗത്യനിർവ്വഹണത്തിന് വന്ന യേശു അതു പൂർത്തി യാക്കി: "നമ്മുടെ പാപങ്ങളെ അവൻ തന്റെ ശരീരത്തിൽ വഹിച്ചു" (1 പത്രൊസ് 2:24). [35]"തിരുവെഴുത്തുകൾ നിറവേറേണ്ടതിന്നു" എന്നതു സൂചിപ്പിക്കുന്നത് പഴയനിയമ പ്രവ ചനം നിറവേറുന്നതായിരുന്നു "എനിക്ക് ദാഹിക്കുന്നു" എന്നത്. അങ്ങനെയാണെങ്കിൽ വാക്യം സൂചിപ്പിക്കുന്നത് സങ്കീർത്തനങ്ങൾ 22:15 ഓ അല്ലെങ്കിൽ 69:21 ഓ ആകാം. "തിരു വെഴുത്തുകൾ നിറവേറുവാൻ" എന്നതു ക്രൂശിൽ യേശു അനുഭവിച്ചതെല്ലാം ആയിരി ക്കാം. [36]ഈസോപ്പ് നീല പുഷ്പങ്ങളുള്ള തണ്ടുള്ള ഒരു ചെടിയാണ്, അതിന് രണ്ടോ മൂന്നോ അടി ഉയരം ഉണ്ടാകും. [37]യോഹന്നാൻ 17:4 ലെ "എക്കോമ്പ്ളിഷ്ഡ്" എന്നതും യോഹന്നാൻ 19:30 ലെ "ഫിനിഷ്ഡ്" എന്ന വാക്കും തർജിമ ചെയ്തിരിക്കുന്നതു ഒരേ മൂലവാക്കിൽനിന്നാണ്. [38]ഡീൻ, 29. യേശു പഴയനിയമം "നിവർത്തിയാക്കി" (മത്തായി 5:17, 18 നോക്കുക). ഒരർത്ഥത്തിൽ, ആ നിയമത്തെ യേശു ക്രൂശിൽ തറെച്ചാണ്

നിവർത്തിച്ചത് (കൊലൊസ്യർ 2:14). അങ്ങനെ പുതിയനിയമം അഥവാ ഉടമ്പടി സ്ഥാപിക്കുന്നതിനുള്ള വഴി ഒരുക്കി (എബ്രായർ 9:15-17). [39]ചാൾസ് ആർ. സ്വെൻഡൽ, *ജീസസ് അവർ ലോഡ്* (ഫുള്ളർട്ടൺ, കലിഫ്.: ഇൻസൈറ്റ് ഫോർ ലിവിങ്ങ്, 1987), 27. [40]അവന്റെ ആ ശാരീരകാവസ്ഥയിലും അത്യുച്ചത്തിൽ നിലവിളിക്കുവാൻ കഴിഞ്ഞതു വിസ്മയാവഹം തന്നെ.

[41]യേശു വീണ്ടും പഴയനിയമ പദപ്രയോഗം നടത്തിയിരിക്കാം (സങ്കീർത്തനങ്ങൾ 31:5). അങ്ങനെയെങ്കിൽ, അവൻ അത് സങ്കീർത്തനക്കാരൻ സങ്കീർത്തനങ്ങൾ 31-ൽ പറഞ്ഞതിനേക്കാൾ ശക്തമായിട്ടായിരിക്കാം ഉപയോഗിച്ചത്. [42]ഈ പഠനത്തിന്റെ ആരംഭത്തിൽ, ഊന്നി പറഞ്ഞതെന്തെന്നാൽ, ഒരു നിയമം എന്ന നിലയിൽ, ക്രൂശിലേറ്റുന്നവർ ദിവസങ്ങൾ അങ്ങനെ കിടക്കാറുണ്ട്. യേശു പെട്ടെന്ന് മരിച്ചതിൽ അതിശയിച്ചിരുന്നതായി, നമ്മുടെ അടുത്ത പാഠത്തിൽ നാം കാണും (മർക്കൊസ് 15:44). [43]ഈ പാഠത്തിലും അടുത്തതിലും യേശു മരിക്കുവാനിടയായ സാഹചര്യങ്ങൾ നാം ചർച്ച ചെയ്യും, എന്നാൽ അവൻ എടുത്ത തീരുമാനമായിരുന്നു മുഖ്യം. ചിലർ ഈ കാഴ്ച്ചപ്പാടിനെ ആത്മഹത്യാപരമെന്നു തോന്നുന്നു എന്ന് പറഞ്ഞു എതിർക്കുന്നുണ്ട്. യേശു തന്നെത്താൻ കൊല്ലുകയായിരുന്നില്ല എന്ന് വേഗം ഞാൻ പറയട്ടെ; അവനെ “മരണത്തിന് ഏല്പിച്ചത്” യെഹൂദന്മാരും റോമാക്കാരും ആയിരുന്നു എന്ന് ബൈബിൾ വ്യക്തമായി പറയുന്നു (പ്രവൃത്തികൾ 2:23; 3:15; 5:30; 10:39). അതേ സമയം, അവന്റെ ശരീരത്തിൽ അവന് നിയന്ത്രണമുണ്ടായിരുന്നു. *ത്യാഗപൂർണ്ണമായ മരണവും ആത്മഹത്യയും* തമ്മിലുള്ള വ്യത്യാസത്തെ സഹോദരൻ കോയ് പറയുന്നുണ്ട്. ഒരു പടയാളി തന്റെ സഹഭടന്മാരെ രക്ഷിക്കുവാൻ ഗ്രെനെയിഡിന്മേൽ ചാടിയ ചിത്രീകരണം നൽകുകയുണ്ടായി (പെഴ്സണൽ കറസ്പോണ്ടൻസ്, 3 ഏപ്രിൽ 2002). [44]ഈ അത്ഭുതങ്ങളുടെ ആലങ്കാരിക പ്രാധാന്യത്തിന് ഈ പുസ്തകത്തിൽ പിന്നീട് വരുന്ന “കാൽവരിയിലെ അത്ഭുതങ്ങൾ” നോക്കുക. [45]മൂല വേദഗ്രന്ഥത്തിൽ, മത്തായി 27:54 ലോ മർക്കൊസ് 15:39 ലോ ഡെഫനിറ്റ് ആർട്ടിക്കിൾ (“ദ”) ഇല്ല, “എ സൺ ഓഫ് ഗോഡ്” എന്ന് തർജിമ ചെയ്യുന്നത് തെറ്റുമാണ്. പടയാളികൾ പറഞ്ഞത് “അത് ദൈവപുത്രൻ ആയിരുന്നു സത്യം” എന്നാണ്. [46]ജി. സി. ബ്രീവർ, *ക്രൈസ്റ്റ് ക്രൂസിഫൈഡ്: ബ്രീവേഴ്സ് സെർമൺസ്* (നാഷ്വിലേ: ബി. സി. ഗുഡ്പാസ്ചർ, 1952), 43-55.